

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്യു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 4/152/2026

കെ.എസ്.എ.എം.പി.എം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/02/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
പകർപ്പ്:
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം (ഇ.മെയിൽ മുഖേന)
3) കാര്യാലയ പകർപ്പ്

നമ്പർ: 4/152/2026 കെ.എസ്.എ.എം.പി.എം തീയ്യതി: 17/02/2026

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2024 മുതൽ 14-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റാം മനോഹർ വി.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	15-01-2026	22-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-01-2026	22-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ് എം പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.ഷാജഹാൻ ഖുറൈഷി എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഖാലിദ പി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാമകൃഷ്ണൻ സി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ലിജുമോൻ എസ്	സെക്രട്ടറി	01-04-2024	30-01-2025
ശ്രീ. അരുൺ നാരായണൻ	സെക്രട്ടറി	31-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. വിജിത്ത് വിജയങ്കർ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി-തൃക്കണാപുരം)	01-04-2024	31-12-2024

ഡോ.ജുൽന എ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി- തൃക്കണാപുരം)	01-01-2025	31-03-2025
ഡോ.ജാസ്മിൻ യൂസഫ്	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി- എടപ്പാൾ)	01-04-2024	18-05-2024
		19-11-2024	21-02-2025
ഡോ.സിൻസി കെ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി- എടപ്പാൾ)	19-05-2024	18-11-2024
		27-03-2025	31-03-2025
ഡോ.ശബ്ന കെ.വി	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി- എടപ്പാൾ)	22-02-2025	26-03-2025
ശ്രീ.വിജീഷ് പി.വി	കൃഷി അസി. ഡയറക്ടർ	01-04-2024	31-03-2025
ശ്രീമതി. രമ ഒ.പി	ശിശു വികസന പദ്ധതി ഓഫീസർ	01-04-2024	05-11-2024
ശ്രീമതി.സൈനബ കെ.ടി	ശിശു വികസന പദ്ധതി ഓഫീസർ	06-11-2024	22-12-2024
ശ്രീമതി.ബിന്ദു സി.എസ്	ശിശു വികസന പദ്ധതി ഓഫീസർ	23-12-2024	31-03-2025
ശ്രീ.നിതിൻ പി	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.അജിത്കുമാർ ടി	സൂപ്രണ്ട്, വൃദ്ധമന്ദിരം	01-04-2024	31-03-2025
ശ്രീ. ബിജു പി. എം	പട്ടികജാതി വികസന ഓഫീസർ	01-04-2024	01-11-2024
ശ്രീ.റിയാസ് എം.കെ	പട്ടികജാതി വികസന ഓഫീസർ	02-11-2024	28-01-2025
ശ്രീ.അശോകൻ	പട്ടികജാതി വികസന ഓഫീസർ	29-01-2025	09-02-2025
ശ്രീ.രാകേഷ് എ	പട്ടികജാതി വികസന ഓഫീസർ	10-02-2025	31-03-2025
ശ്രീ.മുഹമ്മദ് നാസീം.ഇ.പി.	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ. റഷീദ് പി.എം	അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ	01-04-2024	08-01-2025
-ഒഴിവ്-	അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ	09-01-2025	12-01-2025
ശ്രീമതി. ലക്ഷ്മി സി എസ്	അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ	13-01-2025	31-03-2025
ശ്രീ. അജീഷ് കെ നാരായണൻ	അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ ചാർജ്ജ്	01-04-2024	20-09-2024
ശ്രീമതി. നന്ദിത എം.ടി	അസിസ്റ്റന്റ് എഞ്ചിനീയർ	21-09-2024	31-03-2025
ശ്രീമതി. സൈനബ എൻ.ടി.	സൂപ്രണ്ട്, മഹിളാമന്ദിരം	01-04-2024	08-09-2024
ശ്രീമതി. സീമ എസ്	സൂപ്രണ്ട്, മഹിളാമന്ദിരം	09-09-2024	09-02-2025
ശ്രീമതി. പ്രീത ആർ	സൂപ്രണ്ട്, മഹിളാമന്ദിരം	10-02-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-3
5	സംയുക്ത പ്രോജക്ടുകളുടെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല	1-1-4
6	ഗ്രാന്റ് സ്റ്റേറ്റ്മന്റ്/ വാർഷിക കണക്ക്, എ.സി.ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-5
7	ചെലവ് തുക തെറ്റായി രേഖപ്പെടുത്തി	1-1-6
8	ബാലൻസ് ഷീറ്റ് പ്രകാരം GST ഇനത്തിൽ അവശേഷിക്കുന്ന ബാധ്യത (ബി 9-ഷെഡ്യൂൾ പ്രകാരമുള്ളത്) ഇതേ ബാലൻസ് ഷീറ്റിലെ ബി 17 -ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു	1-1-8
10	പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം - വാർഷിക കണക്ക്	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പു പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് വെരിഫിക്കേഷൻ	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	ഹെൽത്ത് ഗ്രാന്റു അവലോകനം	1-11
21	പഠന മുറി നിർമാണം - പൂർത്തിയായില്ല	1-12
22	വാഹനങ്ങളുടെ വിവരം VEELS വെബ്സെറ്റിൽ അപ്ഡേറ്റ് ചെയ്തില്ല.	1-13
23	കേരളോത്സവം-പ്രൊജക്ട് അടങ്കലിനെക്കാളും കൂടുതൽ ചെലവഴിച്ചു	1-14
24	സുലേഖ പത്രികയിൽ ചെലവ് ഉൾപ്പെടുത്തിയില്ല	1-15
25	എസ്.സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം - സബ്സിഡി തുക വായ്പാ അക്കൗണ്ടിൽ നിക്ഷേപിച്ചില്ല-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-16
26	തൃക്കണാപുരം CHCയിൽ ചുറ്റുമതിൽ നിർമ്മാണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും മൂല്യനിർണ്ണയത്തിലും അപാകതകൾ	1-17
27	കാരത്ത് കുളം പുനരുദ്ധാരണം-ചെക്കേർഡ് ടൈൽ വിരിക്കുന്നതിന് അധികം നൽകിയത് ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടവാക്കി.	1-18
28	ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ മെയ്ന്റനൻസ്-പെയിന്റിംഗിന് അധിക തുക നൽകിയത് ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടവാക്കി.	1-19
29	സ്റ്റീൽ പ്രവൃത്തിക്ക് അധിക നിരക്ക്- 5203 രൂപ അധികം നൽകി	1-20
30	കിണറിന് ഗ്രിൽ നിർമ്മിക്കുന്നതിന് അധിക തുക നൽകിയത് ഈടാക്കേണ്ടതാണ്	1-21
31	തൃക്കണാപുരം CHC യിൽ അറ്റകുറ്റപ്പണികൾ- സ്റ്റീൽ വർക്കിന് ഉയർന്ന നിരക്കിൽ തുക നൽകി	1-22
32	കാലഹരണപ്പെട്ട നിക്ഷേപത്തുകകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല	1-23
33	മുൻകൂർ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു	1-24
34	പെയ്ൻ ആന്റ് പാലിയേറ്റീവ്:ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്	1-25
35	എടപ്പാൾ സി.എച്ച്.സി.-മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്	1-26
36	വാഹന വാടക നൽകിയപ്പോൾ ആദായനികുതി TDS ചെയ്തിട്ടില്ല-അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്	1-27
	ഭാഗം 2	
	--- No Records Found ---	

ഭാഗം 3		
1	തൃക്കണാപുരം CHCയിൽ ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ	3-1
2	കിണറിന് ഗ്രിൽ നിർമ്മിക്കുന്നതിന് അധിക തുക നൽകിയത് ഈടാക്കേണ്ടതാണ്	3-2
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.05.2025 തീയതിയിലെ 4(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 17/02/2026

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹94,28,867), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹89,97,045) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-4 സംയുക്ത പ്രോജക്ടുകളുടെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി ചെലവഴിച്ച തുക വാർഷിക കണക്ക് ഷെഡ്യൂൾ I-6 പ്രകാരം 2157379/- രൂപയും, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരം 2367379/- രൂപയുമാണ്. 210000/- രൂപയുടെ വ്യത്യാസമുണ്ട്.

1-1-5 ഗ്രാന്റ് സ്റ്റേറ്റ്മന്റ്/ വാർഷിക കണക്ക്, എ.സി.ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ഇനത്തിലെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മന്റ്/ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ചെലവ് തുക (₹)	
	ഗ്രാന്റ് സ്റ്റേറ്റ്മന്റ് / വാർഷിക കണക്ക്	എ.സി.ആർ
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	1,08,72,478	1,11,34,699

1-1-6 ചെലവ് തുക തെറ്റായി രേഖപ്പെടുത്തി

വാർഷിക കണക്കിലെ I-14(D) പ്രകാരം Expenditure Of Transferred Institutions Social Welfare (254100105) ഹെഡിൽ 1009982 രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചയായി രേഖപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ ഇനത്തിലെ യഥാർത്ഥ ചെലവ് 979982 രൂപയാണെന്ന് കാണുന്നു. 30,000 രൂപയുടെ വ്യത്യാസമുണ്ട്. ആയതു വഴി I 14(D) ഹെഡിലെ ആകെ തുകയിലും പ്രസ്തുത വ്യത്യാസം പ്രതിഫലിക്കുന്നു.

1-1-7 ബാലൻസ് ഷീറ്റ് പ്രകാരം GST ഇനത്തിൽ അവശേഷിക്കുന്ന ബാധ്യത (ബി 9-ഷെഡ്യൂൾ പ്രകാരമുള്ളത്) ഇതേ ബാലൻസ് ഷീറ്റിലെ ബി 17 -ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

31.03.2025 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 9 പ്രകാരം ജി.എസ്.ടി ഇനത്തിൽ ആകെ 55494 രൂപ സ്ഥാപനത്തിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഷെഡ്യൂൾ ബി 17 പ്രകാരം ഈ ആവശ്യത്തിനായി ആരംഭിച്ച പ്രത്യേക ബാങ്ക് അക്കൗണ്ടിൽ (അലഹബാദ് ബാങ്ക്, ശീർഷകം 450410105) 16772 രൂപയാണ് നീക്കി ബാക്കി ചേർത്തിട്ടുള്ളത്. ആയത് പരസ്പരം പൊരുത്തപ്പെടുന്നില്ല.

1-1-8 ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു

31.3.25 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാഹനങ്ങളുടെ ആസ്തി മൂല്യം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ശീർഷകം	വാർഷിക കണക്ക് പ്രകാരം മൂല്യം (രൂപയിൽ)
1	410710102	24,77,151

എന്നാൽ ഇതേ ബാലൻസ് ഷീറ്റ് പ്രകാരം 31.03.25 ൽ ഈ ആസ്തികളുടെ ആകെ തേയ്മാന ചെലവ് (Accumulated Depreciation) ആയി കണക്കാക്കിയ മൂല്യം 29,32,125 രൂപയാണ് (ശീർഷകം : 411500101). ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാന ചെലവ് കണക്കാക്കാൻ ആവില്ല.

1-1-9 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം താഴെ ചേർത്തിട്ടുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 ൽ ചേർത്ത് കാണുന്നില്ല.

ക്രമ നമ്പർ	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക (രൂപയിൽ)
1.	450610108	Indian Bank Health Grand	5882745
2.	450620101	HDFC – CFC	10495412

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി	പുതുക്കിയ തീരുമാന നമ്പർ/ തിയ്യതി
1(1), 15.02.2024	3(1), 12.03.2025

1-3 സാമ്പത്തിക വിശകലനം - വാർഷിക കണക്ക്

മുന്നിരിപ്പ്	76,74,952
വരവ്	7,98,30,699
ആകെ	87505651
ചെലവ്	7,08,33,654
നീക്കിയിരിപ്പ്	1,66,71,997

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	1,92,86,000	1,92,86,000	1,92,86,000	0
വികസനഫണ്ട് (എസ്.സി.പി)	0	1,53,35,800	1,53,35,800	1,33,90,919	19,44,081
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	1,75,42,000	1,75,42,000	1,11,34,669	64,07,301

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ്	0	71,76,000	71,76,000	28,13,711	43,62,289
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ്	0	32,49,324	32,49,324	19,80,615	12,68,709

1-5 പദ്ധതി അവലോകനം

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2024-25	127	10,55,99,730	86	5,49,82,821	0	41	68%

1-6 തൊഴിലുറപ്പു പദ്ധതി

ബാധകമല്ല

1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2026 ന് 2.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ല എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളും തയ്യാറാക്കുന്നതിലും ആയവ സൂക്ഷിക്കുന്നതിലും പൊതുവെ മാതൃകാപരമായ സമീപനമാണ് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്നതെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വീഴ്ചകളുണ്ട്. ധനവിനിയോഗത്തിലും ചട്ടങ്ങൾ പാലിക്കുന്നതിലും ജാഗ്രത പുലർത്തിയിട്ടുള്ളതായി ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമാണ്. നൂതന പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും അനുമതി നേടി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ 100% ചെലവ് കൈവരിക്കാനായിട്ടില്ല. സ്പിൽ ഓവർ ആവാതെ പദ്ധതി നടപ്പാക്കുന്നതിൽ കൂടിയ ശ്രദ്ധയും ഭരണസമിതിയുടെ ഇടപെടലും ആവശ്യമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	08.05.2025 മുതൽ 14.05.2025 വരെ	2024-2025	28.05.2025
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	20.7.2017 മുതൽ 26.7.2017 വരെ	2012-13 മുതൽ 2016-17 വരെ	20.09.2017

1-11 ഹെൽത്ത് ഗ്രാന്റു് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻകയറി നമ്പർ 2/15.01.2026 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1). ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് **ലഭിച്ച** തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച്).

വർഷം.	സ്കീം -2
2021-22	0
2022-23	0
2023-24	27,57,000
2024-25	42,17,000
ആകെ	69,74,000

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം).

വർഷം.	സ്കീം -2
2021-22	0
2022-23	0
2023-24	3,41,665
2024-25	8,70,821
ആകെ	12,12,486

3). ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ).

വർഷം.	സ്റ്റീം -2
2024-25	58,82,745

4). നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം.

വർഷം.	പദ്ധതിയുടെ പേര്	ചെലവ് തുക.
2023-24	പൊതുജനാരോഗ്യ യൂണിറ്റിന് വിവര സാങ്കേതിക ഉപകരണങ്ങൾ, ഫർണ്ണിച്ചർ എന്നിവ വാങ്ങൽ (S0091/2024)	3,41,665
2024-25	പബ്ലിക്ക് ഹെൽത്ത് ലബോറട്ടറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (S0124/2025)	48,597
	എടപ്പാൾ സി.എച്ച്.സി-യിലെ പബ്ലിക്ക് ഹെൽത്ത് ലബോറട്ടറി ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ (S0125/2025)	192292
	പബ്ലിക്ക് ഹെൽത്ത് ലബോറട്ടറി നവീകരണവും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും (S0126/2025)	6,29,932
ആകെ		12,12,486

4). ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ഇല്ല.

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി.

എടപ്പാൾ സി.എച്ച്.സി, തൃക്കണാപുരം സി.എച്ച്.സി എന്നീ രണ്ട് സി.എച്ച്.സി-കളാണ് ബ്ലോക്ക് പഞ്ചായത്തിൽ ഉള്ളത്. സി.എച്ച്.സി-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന ഹെൽത്ത് ഗ്രാന്റ് തുക വിനിയോഗിച്ച് സി.എച്ച്.സി-കളുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-12 പഠന മുറി നിർമാണം - പൂർത്തിയായില്ല

എസ്.സി.ഡി.ഓ നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണത്തിന് പരമാവധി 2 ലക്ഷം രൂപ നൽകുന്നതിന് 1/2025, 116/2025 എന്നീ പ്രോജക്കുകളിൽ എസ്.സി.പി വിഹിതം 71.72 ലക്ഷം രൂപ വകയിരുത്തുകയും 15 ബില്ലുകളിലായി 57.50 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
രേഖകൾ സമർപ്പിച്ച ഗുണഭോക്താക്കളിൽ രണ്ടും മൂന്നും ഗഡുക്കൾ കൈപറ്റിയ താഴ പറയുന്ന 11 ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	ഗുണഭോക്താവ് - പഞ്ചായത്ത്	ആകെ കൈപ്പറ്റിയ തുക	അവസാനമായി തുക കൈപ്പറ്റിയ തിയ്യതി
1	ലിജ എ.പി-വട്ടംകുളം	1,70,000	19.03.2025
2	ജയേഷ് സി.വി-എടപ്പാൾ	1,70,000	29.09.2025
3	ഗോപാലൻ - വട്ടംകുളം	90,000	12.06.2024
4	ജയരാജൻ - കാലടി	1,70,000	28.12.2024
5	രവീന്ദ്രൻ കെ.പി - എടപ്പാൾ	1,70,000	17.03.2025
6	ഗിരിജ- എടപ്പാൾ	1,70,000	20.08.2025
7	ബാബു – വട്ടംകുളം	1,70,000	9.06.2025
8	ധന്യ- വട്ടംകുളം	1,70,000	9.06.2025
9	സുനിത- വട്ടംകുളം	1,70,000	20.08.2025
10	ദാസൻ-തവനൂർ	1,70,000	20.08.2025
11	വിൻസി- കാലടി	1,70,000	20.08.2025

നിർമ്മാണം പൂർത്തീകരിച്ച് പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻകയറി 03/16.1.2026) മറുപടി ലഭ്യമായില്ല. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 വാഹനങ്ങളുടെ വിവരം VEELS വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തില്ല.

ധനകാര്യ (ഐ.ടി സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" – എന്ന വെബ്സൈറ്റിൽ 30.11.2020-ന്

മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. ബ്ലോക്ക് പഞ്ചായത്തിൽ പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.
ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങളുടെയും വിവരവും പ്രസ്തുത നിർദ്ദേശം പാലിച്ച് "VEELS" ൽ രജിസ്റ്റർ ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നും നിർദ്ദേശം പാലിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി. നം.18/22.01.2026 ന് മറുപടി ലഭ്യമായില്ല. മറുപടി ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

1-14 കേരളോത്സവം-പ്രൊജക്ട് അടങ്കലിനെക്കാളും കൂടുതൽ ചെലവഴിച്ചു

പ്രോജക്ട് നം., പേര്	35/25, കേരളോത്സവം 2024-25
അടങ്കൽ	1,50,000 (തനത് ഫണ്ട്), 1,00,000 (യുവജന ക്ഷേമ ബോർഡ് വിഹിതം)
ചെലവ് തുക	ചെക്ക് നം. XY5494584/2-12-24- -100000 രൂപ- ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി, സ്മിതക്ക് മുൻകൂർ നൽകിയത്. ചെക്ക് നം. XY5494600/4-1-25- 96426/-രൂപ

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 2024-25 വർഷത്തെ കേരളോത്സവത്തിന് ആകെ 1,96,426 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിക്ക് തൻവർഷം 1,*96,426/*-രൂപ ചെലവുണ്ടെങ്കിലും സുലേഖ ചെലവ് പത്രകയിൽ 1,50,000രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്.

2)സ.ഉ (സാധാ)നം 2151 /2024/ത.സ്വ. ഭ.വ തീ 11.11.2024 പ്രകാരം കേരളോത്സവം 2024 ന് ബ്ലോക്ക് പഞ്ചായത്തിന് തനത് / *പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുക 1.5 ലക്ഷം രൂപയാണ്.* എന്നാൽ മേൽ പട്ടികയിൽ പരാമർശിച്ചത് *പ്രകാരം* 1,*96,426/*-രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട പരമാവധി തുകയിൽ പരിമിതപ്പെടുത്താതെ തുക ചെലവഴിച്ചിട്ടുണ്ട്.
3)മേൽ ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന തുക 1.5 ലക്ഷം രൂപയാണെന്നിരിക്കെ 2.5 ലക്ഷം രൂപ അടങ്കലിൽ പദ്ധതി രൂപീകരിച്ചതും ക്രമപ്രകാരമല്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി- 19/22.1.2026 ന് മറുപടി ലഭ്യമായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സർക്കാർ അനുമതിയിൽ അധികരിച്ച് ചെലവഴിച്ച 46426 രൂപ തടസ്സം ചെയ്യുന്നു.

1-15 സുലേഖ പത്രികയിൽ ചെലവ് ഉൾപ്പെടുത്തിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി നം., പേര്	ആകെ അടങ്കൽ / ചെലവ് തുക, വൗച്ചർ നം.	സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയ തുക,
56/25, വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകൽ	2,20,000 (തനത് ഫണ്ട്)/ വൗച്ചർ 22400578/23.01.2025- 40,000	0

സുലേഖ ചെലവ് പത്രികയിൽ യഥാർത്ഥ ചെലവ് വിവരം ഉൾപ്പെടാത്തതിന് കാരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.20/22.01.2026 ന് മറുപടി ലഭ്യമായില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 എസ്.സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം - സബ്സിഡി തുക വായ്പാ അക്കൗണ്ടിൽ നിക്ഷേപിച്ചില്ല-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം, പേര്	:	39/25– എസ്. സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഫ്രന്റ് എൻഡ് സബ്സിഡി
അടങ്കൽ	:	₹25,00,000/- ₹18,75,000/- (വികസന ഫണ്ട്- എസ്.സി.പി) ₹6,25,000/- (മറ്റുള്ളവ)
ആകെ ചെലവ്	:	₹11,25,000/- (വികസന ഫണ്ട്- എസ്.സി.പി)
ബിൽ നം, തീയതി	:	1. 241512630213014725 85/ 10.03.2025 (₹3,75,000/-) 2. 241512630213016315 6/ 21.03.2025 (₹3,75,000/-) 3. 241512630213016420 65/ 22.03.2025 (₹3,75,000/-)

സംരഭകത്വ വികസനവും നൈപുണ്യ വികസനവും ലക്ഷ്യമിട്ട് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള പദ്ധതികൾ കൂടെ നടപ്പിലാക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2024-2025 വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ എസ്. സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഫ്രന്റ് എൻഡ് സബ്സിഡി എന്ന പദ്ധതി പ്രകാരം തവനൂർ ഗ്രാമ പഞ്ചായത്തിലെ മൂന്ന് ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സബ്സിഡി അനുവദിച്ചിട്ടുണ്ട്.

മേൽ പദ്ധതി പ്രകാരം സഞ്ജീവനി ഗ്രൂപ്പിന് മഷ്റൂം സ്പോണിനായി ₹3,75,000/- രൂപ, പൂജ ഗ്രൂപ്പിന് ഡാൻസ് ഡ്രസ്സുകൾ വാടകക്ക് നൽകുന്നതിനും ബ്യൂട്ടി പാർലർ നടത്തുന്നതിനുമായി ₹3,75,000/- രൂപ , ഒരുമ ഗ്രൂപ്പിന് വിവിധ തരം അച്ചാറുകളുടെ നിർമ്മാണത്തിനായി ₹3,75,000/- രൂപ എന്നിങ്ങനെയാണ് സബ്സിഡി നൽകിയിട്ടുള്ളത്. ആകെ ചെലവിന്റെ 75% (പരമാവധി ₹3,75,000/- രൂപ) ആണ് സബ്സിഡി നൽകുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ വായ്പാതുകയായ 5,00,000 രൂപയുടെ 75% എന്ന നിരക്കിലാണ് ഓരോ ഗ്രൂപ്പിനും, ഗ്രൂപ്പംഗങ്ങളുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് തുക നല്കിയിട്ടുള്ളത്.

പദ്ധതിയിൽ ഉൾപ്പെടുത്തി ക്രമ നം. 3 ബിൽ പ്രകാരം ₹3,75,000/- രൂപ സബ്സിഡി അനുവദിച്ച ഒരുമ എന്ന ഗ്രൂപ്പിന്റെ അച്ചാർ നിർമ്മാണത്തിനായുള്ള സംരംഭത്തിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. 22.01.2026 തീയതിയിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിലും, ഫയൽ പരിശോധനയിലും കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വായ്പ അനുവദിക്കുന്ന മുറക്കാണ് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നത്. എന്നാൽ സംരംഭകരിൽ ഒരാളായ ശ്രീമതി. പ്രിയ എന്നയാളുടെ പേരിൽ സംരംഭക ഗ്രൂപ്പിലെ രണ്ടാമത്തെ അംഗമായ ശ്രീമതി അശ്വതി ഷുവർട്ടിയായും തവനൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും 5,00,000 രൂപയുടെ ലോൺ അനുവദിച്ചത് 02.05.2025 ലാണ് ((ലോൺ അക്കൗണ്ട് നമ്പർ 0206410000174)). ആയതിന് മുമ്പ് തന്നെ (24.03.2025) സബ്സിഡി നൽകിയിട്ടുണ്ട്. ഇക്കാര്യം ഓഡിറ്റ് മുമ്പാകെ ലഭ്യമാക്കിയ ബാങ്ക് പാസ്സ് ബുക്ക് സ്റ്റേറ്റ്മെന്റിൽ വ്യക്തമാണ്. ലോൺ ജോയിന്റ് അക്കൗണ്ടിലല്ലാതെ അനുവദിക്കപ്പെട്ടത് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതായി കാണുന്നില്ല.

2. സബ്സിഡി തുകയായ ₹3,75,000/- രൂപ ലോൺ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണെന്നിരിക്കേ, തവനൂർ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് പാസ്സ് ബുക്കിന്റെ 16.04.2025 മുതൽ 15.01.2026 വരെയുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം സബ്സിഡി തുകയിലെ ₹2,75,000/- രൂപ മാത്രമാണ് ലോണിലേക്കായി അടവാക്കിയത്. അവശേഷിക്കുന്ന 1,00,000 രൂപ പദ്ധതി പ്രകാരം നിഷ്കർഷിച്ച ആവശ്യത്തിനല്ലാതെ വക മാറ്റിയതായി കാണുന്നു.

3. സ്ഥല പരിശോധനയിൽ നിലവിൽ അച്ചാർ നിർമ്മാണം നടക്കുന്നതായി കാണാൻ കഴിഞ്ഞില്ല. പ്രവർത്തനക്ഷമമാക്കാതെ പൊടി പിടിച്ച യന്ത്രസാമഗ്രികളും, പാത്രങ്ങളും , പാക്ക് ചെയ്യാനുള്ള നിരവധി പ്ലാസ്റ്റിക് ബോട്ടിലുകളും, പാക്ക് ചെയ്ത് വെച്ച കുറച്ച് അച്ചാർ കുപ്പികളുമാണ് കണ്ടത്. ഇതിൽ നിന്നും യൂണിറ്റ് പ്രവർത്തനം സജീവമല്ല എന്ന് മനസ്സിലാക്കാം.

4. പാക്ക് ചെയ്ത അച്ചാർ കുപ്പികളിൽ അച്ചാർ നിർമ്മിച്ച തീയതി, എക്സ്പയറി തീയതി എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. അച്ചാർ വിപണനം നടത്തുമ്പോൾ മാത്രമാണ് തിയ്യതി രേഖപ്പെടുത്തുകയെന്നാണ് ആയതിന് മറുപടിയായി സംരഭക അറിയിച്ചത്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്തിൽ നിന്നും ലഭ്യമായ 31-03-2026 വരെ കാലാവധിയുള്ള ലൈസൻസിന്റെ പകർപ്പ് ഫയലിലുണ്ടെങ്കിലും, ലൈസൻസിലെ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

6. അച്ചാർ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സ്ഥലം വ്യത്തിയായി സൂക്ഷിച്ചിട്ടില്ല.

7. ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന സംരഭത്തിന് വേണ്ട സാനിറ്റേഷൻ സർട്ടിഫിക്കറ്റ് / ഹെൽത്ത് കാർഡ് ലഭ്യമായിട്ടില്ല.

സബ്സിഡിയായി അനുവദിച്ചതിൽ 1 ലക്ഷം രൂപ നിർദ്ദിഷ്ട ആവശ്യത്തിന് ചെലവഴിക്കാതെ വകമാറ്റിയതിൻമേൽ സ്വീകരിച്ച നടപടി അറിയിക്കുവാനും പരാമർശിച്ച മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 15 /22-01-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സംരഭത്തിന്റെ ആവശ്യത്തിലേക്കല്ലാതെ വകമാറ്റിയ 1 ലക്ഷം രൂപ വകമാറ്റിയത് അന്വേഷണ വിധേയമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ 1 മുതൽ 7 വരെ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. സംരഭത്തിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതു വരെ 3,75,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മറ്റു രണ്ട് സംരംഭങ്ങളുടെയും തുടർ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 തൃക്കണാപുരം CHCയിൽ ചുറ്റുമതിൽ നിർമ്മാണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും മൂല്യനിർണ്ണയത്തിലും അപാകതകൾ

പ്രൊജക്ട് - തൃക്കണാപുരം CHC-യിൽ ചുറ്റുമതിൽ നിർമ്മാണം
പ്രൊജക്ട് നമ്പർ - S0082/2025
അടങ്കൽ -1369939 (MG-NR)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
Price Id -45165/2023
കരാറുകാരൻ - അരവിന്ദാക്ഷൻ ഏലിയാപ്ര
കരാർ -05/AE/LID&EW/PNI/2023-24DATED 05-10-2023
ടെണ്ടർ വേരിയേഷൻ – 16.67 % കുറവ്
കോസ്റ്റ് ഇൻഡക്സ് : 36.44%
BRN 241512630215003390 69/28-06-2024 : 1369843

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചു.

മേൽ പ്രൊജക്ട് പ്രകാരം നിലവിലുള്ള മതിലിന്റെ ഫൗണ്ടേഷനും സൂപ്പർ സ്ട്രക്ചറും പൊളിച്ച് മാറ്റി പുതിയ ഫൗണ്ടേഷനും സൂപ്പർ സ്ട്രക്ചറും നിർമ്മിച്ചിട്ടുണ്ട്. ആയതിൽ ഇനം 2 പ്രകാരം മതിലിന്റെ D.R. ഫൗണ്ടേഷൻ പൊളിച്ച് മാറ്റുന്നതിന് DAR 15.9.2 പ്രകാരമുള്ള Cement Mortar ഉപയോഗിച്ച് കെട്ടിയ കരിങ്കൽ പടവ് (RR) പൊളിച്ച് മാറ്റുന്നതിനുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. DR Wall ആയതിനാൽ 60.7.3 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായത്. തെറ്റായ നിരക്ക് അനുവദിച്ചതു മൂലം 48,085 രൂപയുടെ അധിക ചെലവ് ഉണ്ടായി. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം ഉണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു -

അളവ് (Cu.M)	നൽകിയ നിരക്ക് (16.67 % കുറവ്) 1731.51/Cu.M	നൽകാവുന്ന നിരക്ക് (16.67 % കുറവ്) 516/Cu.M	അധികം (18% GST ഉൾപ്പടെ)

	(DAR 15.9.2)	(DAR OD- 60.7.3)	
33.525	58049	17299	40750 +18%GST = 48,085

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 05/21-01-2026 ന് സൈറ്റ് കണ്ടീഷൻ അനുസരിച്ചാണ് Random Rubble Masonry പൊളിച്ച് മാറ്റുന്നതിനുള്ള ഇനം നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ നിലവിലുള്ളത് പൊളിച്ച് മാറ്റി പുതിയ ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നതും DR Wall തന്നെയാണ് (ഇനം -4). സൈറ്റ് കണ്ടീഷൻ അനുസരിച്ച് RR Masonry ആവശ്യമുള്ളതാണെങ്കിൽ പുതിയ നിർമ്മാണത്തിലും ആയത് ഉപയോഗിക്കണമായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല. ആയതിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി വസ്തുതാപരമല്ലെന്ന് കാണുന്നു. തെറ്റായ നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവ് തിരികെ ഈടാക്കേണ്ടതാണ്.
അധികം നൽകിയ തുക (എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമുള്ള അധികച്ചെലവ്) 48,085 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ടെക്നിക്കൽ അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യബാധ്യതയായി കണക്കാക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മതിലിൽ സിമന്റ് പ്രൈമർ അടിച്ചതിന് ശേഷം വീണ്ടും പ്രൈമർ അടിക്കുന്നതിന് തുക നൽകിയത് വഴി അധിക ചെലവ്

പ്രവൃത്തിയുടെ E-Mbookലെ ഇനം 12 ആയി കെട്ടിടത്തിൽ അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റ് അടിക്കുന്നതിന് DSR 13.46.1 കോഡ് പ്രകാരം നിരക്ക് ഉൾപ്പെടുത്തുകയും കരാറുകരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനം 11 ആയി അതേ പ്രതലത്തിൽ പ്രൈമർ അടിച്ചതിന് DSR കോഡ് 13.43.1 പ്രകാരമുള്ള നിരക്കും നൽകിയിട്ടുണ്ട്. 13.46.1 ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ എക്സ്റ്റീരിയർ പെയിന്റ് അടിക്കുന്നതിന് മുമ്പായി പ്രൈമർ അടിക്കുന്നതിനുള്ള പ്രവൃത്തി കൂടി ഉൾപ്പെടുന്നതിനാൽ ഇനം 11 പ്രകാരമുള്ള തുക നൽകാവുന്നതല്ല

അളവ് (Sq.M)	നൽകിയ നിരക്ക് 162.58/ Sq.M (DSR 13.46.1) + 59.25/ Sq.M (DSR 13.43.1)	നൽകാവുന്ന നിരക്ക് 162.58/Sq.M (DSR 13.46.1) (ടെണ്ടർ കുറവ് പ്രകാരം)	അധികം (18% GST ഉൾപ്പടെ)
758	123236+ 44912= 168148	123236	44912 + 18% GST =52,996

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 05/21-01-2026 നെ തുടർന്ന് അധികം നൽകിയ തുകയായ 52,996 രൂപ R-B101400-25000183/22-01-2026-ാം നമ്പർ രശീതി പ്രകാരം തിരിച്ചടവാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ക്രമ നമ്പർ 1 ൽ പരാമർശിച്ച അധികം നൽകിയ തുക 48085 (എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമുള്ള അധികച്ചെലവ്) 48,085 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ (എസ്റ്റിമേറ്റ് തിയ്യതി : 26-05-2023), ടെക്നിക്കൽ അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ടി.എസ്.തിയ്യതി : 25-07-2023) എന്നിവരുടെ തുല്യബാധ്യതയായി കണക്കാക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ആയത് ഈ റിപ്പോർട്ടിലെ ഖ.3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18 കാരത്ത് കുളം പുനരുദ്ധാരണം-ചെക്കേർഡ് ടൈൽ വിരിക്കുന്നതിന് അധികം നൽകിയത് ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കാരത്ത് കുളം പുനരുദ്ധാരണം എന്ന S0093/2025 പ്രോജക്ടിൽ ക്രമനമ്പർ 13 പ്രകാരം ഇ-എം.ബുക്കിൽ രേഖപ്പെടുത്തിയ കുളത്തിലേക്കുള്ള സ്റ്റെപ്പിൽ ചെക്കേർഡ് ടൈൽ വിരിക്കുന്നതിന് ഉയർന്ന നിരക്കുള്ള 11.20.1 കോഡ് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട്	അളവ് (Sq.M)	നൽകിയ നിരക്ക് 1447/Sq.M (DSR 11.20.1)	നൽകാവുന്ന നിരക്ക് 1179/ Sq.M (DSR 11.20.3)	അധികം
കാരത്ത് കുളം പുനരുദ്ധാരണം (S0093/2025) പ്രൈസ് ഐഡി : 115960/2023 DSR 2018, Cost Index 36.44 വകയിരുത്തിയ തുക 27,62,400 ഫണ്ട് - സി.എഫ്.സി ഗ്രാന്റ് കരാർ - 14/AE/LID & EW/PNI/2023-24DATED 15-02-2024 കരാറുകാരൻ : എ. മുഹമ്മദ് ഇഖ്ബാൽ	36.372	52,630	42,883	9,747

വൗച്ചർ നം. XVFC/2024-25/P/36/28-03-2025 : 21,41,411				

